# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 07-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : * 57

### കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. പി.എ മാധവൻ<br>ശ്രീ .പാലോട് രവി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനായി ആസൂത്രണം ചെയ്തു വരുന്ന വിവിധ പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| (ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി)യും (സി)യും (ഡി)യും<br><br>ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നത് ; | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദ വിവരവും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായരംഗം എത്ര മാത്രം പുരോഗതി പ്രാപിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | • കേന്ദ്ര സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടി രൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാപത്രം 04/04/2013 തീയതിയിൽ ഒപ്പിട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL ന്റെയും കേരള സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

- മലബാർ സിമന്റ്സിന്റെ നിവിലുള്ള ഉൽപ്പാദനശേഷി കേരളത്തിലെ സിമന്റ് ഉപഭോഗത്തിന്റെ 6-7 ശതമാനം മാത്രം നിറവേറ്റാൻ പര്യാപ്തമാണ്. ഇതു വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ട്രാൻഡൂർ പ്ലാന്റിൽ നിന്നും ക്ലിങ്കറും, സിമന്റും ലഭ്യമാക്കുന്നതിനുള്ള ഒരു ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്. വാളയാറിൽ നിലവിലുള്ള സിമന്റ് മില്ലിന്റെ ഉൽപ്പാദനശേഷി ഇരട്ടിയാക്കുന്നതിനായി സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം നിർത്തിയ ഒരു പ്ലാന്റിൽ നിന്നും ഒരു മില്ല് ലഭ്യമാക്കുന്നതിനുള്ള feasibility report തയ്യാറാക്കിയിട്ടുണ്ട്.

- മലബാർ സിമന്റ്സ് ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും, ക്ലിങ്കറും, സിമന്റും കടൽ മാർഗ്ഗം എത്തിക്കുവാൻ സാധിച്ചാൽ മാർക്കറ്റ് വിഹിതം 25 ശതമാനത്തോളം എത്തിക്കാൻ സാധിക്കും. ഇതിനായുള്ള ആദ്യനടപടിയായി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ ഒരു സിമന്റ് ലോജിസ്റ്റിക്സ് ഹബ് സ്ഥാപിയ്ക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

- കെ.എസ്.ഡി.പി.യുടെ വൈവിദ്ധ്യവൽക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി ഇൻഡ്യയിലും ആഗോള തലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും കമ്പനിയെ ഒരംഗീകൃത മരുന്ന് ഉൽപ്പാദന സ്ഥാപനമായി രാജ്യാന്തരതലത്തിൽ ഉയർത്തുന്നതിലേക്കായി എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപന

ങ്ങൾക്കാവശ്യമായ ഇൽമനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ എന്നിവ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി.

- എം.എസ്.ഡി.സി. ലിമിറ്റഡിന്റെ സഹായ ത്തോടുകൂടി കോൾ ലഭ്യമാക്കിയിട്ടുണ്ട്. സ്ക്രാപ്പ് മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാനുള്ള നടപടി കൾ പുരോഗമിച്ചു വരുന്നു.

- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റ യിൽ മില്ലുകൾക്കുവേണ്ടി ഗുണ മേൻമയുള്ള പഞ്ഞി ലഭ്യമാക്കുന്നതിനും, എൻ.സി.ഡി.സി. വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന ഹായം ലഭ്യമാക്കുന്നതിനായുള്ള സാധ്യത കൾ പരിശോധിച്ചു വരുന്നു.

- കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-ന്റെ കൊച്ചി റിഫൈ നറിയുടെ, റിഫൈനിങ്ങ് കപ്പാസിറ്റി കൂട്ടുവാനുള്ള പദ്ധതി ആരംഭിച്ചു.

- കേന്ദ്ര പൊതുമേഖലാ സ്ഥാപന മായ ഗെയിൽ ഇന്ത്യാ ലിമിറ്റഡ് പ്രകൃതി വാതകം കൊണ്ടുപോകുന്നതി നുള്ള പൈപ്പ് ലൈനുകൾ സ്ഥാപി ക്കുന്ന പ്രവൃത്തിയുടെ ആദ്യ പാദം പൂർത്തിയാക്കി. രണ്ടാം പാദത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

- കൂടാതെ, പ്രകൃതി വാതക ശൃംഖല യുടെ വ്യാപനത്തിനായി കെ.എസ്. ഐ.ഡി.സി., ഗെയിൽ ഇന്ത്യ യുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡുമായി ചേർന്ന് കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭവും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സ്വീകരിച്ചു വരുന്ന കർമ്മ പരിപാടികളുടെ വിവരം

1) നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള 15 കോടി രൂപയുടെ അധിക ധനസഹായവും കൂടി ഉൾപ്പെടുത്തി നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന പദ്ധതികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

2) പരിസ്ഥിതി സന്തുലിതാവസ്ഥകൂടി കണക്കിലെടുത്തുകൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികളുടെ നടപ്പിലാക്കൽ.

3) വാണിജ്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു, ഇ-പ്രൊക്യൂർമെന്റിന്റെ ഭാഗമായുള്ള "ഇ-പേയ്മെന്റ്" സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. E-Portal വഴി ഉൽപ്പന്നങ്ങളുടെ വിപണനത്തിനു വേണ്ടിയുള്ള പദ്ധതിയും നടപ്പിലാക്കുന്നതാണ്. വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെന്ററികളുടെ ഡിജിറ്റൈസേഷനും നടപ്പിലാക്കി വരുന്നു.

4) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപഭോഗത്തിനായി സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

5) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം ഏർപ്പെടുത്തി.

6) വ്യവസായ വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഇന്റർനെറ്റ് അധിഷ്ഠിത വിവര വിനിമയ (MIS) സംവിധാനം നടപ്പിലാക്കി.

7) ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

8) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയനുസരിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9) സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും, കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റുകൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.

10) മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായി നൂതന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

11) പ്രകൃതി വാതകം വ്യവസായങ്ങൾക്ക് ഉപയോഗിക്കാനുതകുന്ന വിധം ശൃംഖല വികസിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ മറ്റു സാധ്യതകൾ അവലോകനം ചെയ്ത് വ്യവസായങ്ങളെ ആകർഷിക്കാൻ ലൈഫ് സയൻസ് പാർക്ക്, കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക്, പെട്രോകെമിക്കൽ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് മുതലായവയും മറ്റു വ്യവസായ പാർക്കുകളും കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്തിട്ടുണ്ട്.

12) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ / താലൂക്ക് / ബ്ലോക്ക് / പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക് ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടത്തി വരുന്നു.

13) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

14) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളിലൂടെയും ഗ്രീൻ ചാനൽ കൗണ്ടറിലൂടെയും നൽകി വരുന്നു.

15) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉൽപന്നങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി പുതിയ പദ്ധതി (നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട്) സംരംഭകത്വ സഹായ പദ്ധതി നിലവിൽ വന്നു. സംരംഭകത്വ സഹായ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 17,22,43,947 രൂപ വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കേരള ഫിനാൻഷ്യൽ കോർപ്പറേഷനും വിതരണം ചെയ്തിട്ടുണ്ട്. വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപ. വനിത സംരംഭങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് പദ്ധതി പ്രകാരം ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എറണാകുളം ജില്ലയിൽ എടയാർ വ്യവസായ വികസന ഏരിയയിൽ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടം, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, തിരുവനന്തപുരം ജില്ലയിൽ വേളി, മലപ്പുറം ജില്ലയിൽ മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ മൊത്തം 35.5 കോടി രൂപ അടങ്കൽ ചിലവ് വരുന്ന പ്രോജക്ടുകൾ നിർമ്മാണ പ്രവർത്തനത്തിനായി സിഡ്കോയെ ഈ പദ്ധതിപ്രകാരം ഏൽപ്പിച്ചിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ 40% തുക സംസ്ഥാന സർക്കാരും 60% തുക കേന്ദ്ര സർക്കാരും വഹിക്കുന്നു. ഇത് പ്രകാരം സംസ്ഥാനത്തെ 38 വികസന ഏരിയ / വികസന പ്ലോട്ടുകളിൽ വേളി (തിരുവനന്തപുരം), പൂവൻതുരുത്ത് (കോട്ടയം), കഞ്ചിക്കോട് (പാലക്കാട്) എന്നീ 3 വികസന ഏരിയ / പ്ലോട്ടുകളായാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ പരിഗണിക്കുന്നത്. ഇതിൻ പ്രകാരം ഈ 3 വികസന ഏരിയ / വികസന പ്ലോട്ടുകളുടെ അടിസ്ഥാന വികസനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കെ-ബിപ് എന്ന സർക്കാർ ഏജൻസി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ മൂന്ന് പദ്ധതികളുടെ അടങ്കൽ ചിലവ് 30 കോടി രൂപയാണ്. ഇതിൽ 12 കോടി രൂപ സംസ്ഥാന വിഹിതമായിരിക്കും. മറ്റ് വികസന ഏരിയ / വികസന പ്ലോട്ടുകളുടെ വികസനത്തിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പരിപാടികൾ താഴെ പറയുന്നവയാണ്.

- വ്യവസായ വികസന മേഖല - തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്.
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്.
- ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
- കിൻഫ്ര വ്യവസായ പാർക്കിനോടനുബന്ധിച്ചുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ (SDF) - ഒറ്റപ്പാലം, പാലക്കാട്, തലശ്ശേരി, പിറവന്തൂർ, ഇടുക്കി

